**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5821** **28.03.2018-ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷകൾ**

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിൽ എത്ര മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അപേക്ഷകൾ പെന്റിംഗ് ഉണ്ട്; വിശദവിവരം നൽകുമോ; | എ) | 817 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ പെന്റിംഗ് ഉണ്ട്. |
| ബി) | നിരവധി മാസങ്ങളായി ഡി.എച്ച്.എസ്.-ന്റെ ഓഫീസിൽ പ്രസ്തുത അപേക്ഷകൾ നടപടിയെടുക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരുടെയും ഒരു ലക്ഷത്തിൽ കൂടുതൽ വരുന്ന എം.ആർ.അപേക്ഷ ഡിഎച്ച്എസ് ആഫീസിൽ നിന്നുമാണ് പരിശോധിച്ച് കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ 18.12.14-ലെ സർക്കുലർ 107/14/ഫിൻ പ്രകാരം ഒരു ലക്ഷത്തിൽ കൂടുതലുള്ള എല്ലാ എം.ആർ ബില്ലുകളിലെയും അനുവദനീയ തുകയും കൂടി ആരോഗ്യവകുപ്പ് തന്നെ കണക്കാക്കി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ പരിശോധിച്ച് മറ്റ് വകുപ്പുകളിലേയ്ക്ക് കൊടുത്തിരുന്നതും, തുക മാറി ലഭിക്കാതെ കിടന്നതുമായ എല്ലാ എം.ആർ.ബില്ലുകളും 107 സർക്കുലർ പ്രകാരം തുക കണക്കാക്കി നൽകണമെന്ന് കാണിച്ച് ഡിഎച്ച്എസിലേയ്ക്ക് തിരികെ നൽകാൻ തുടങ്ങി. തുടർന്ന് ഓരോ മാസവും ഡിഎച്ച്എസിൽ |

| | | | |
|---|---|---|---|
| | | | ലഭിച്ചുകൊണ്ടിരിക്കുന്ന, തപാലുകളുടെ എണ്ണം 400-ൽ അധികമായതിനാലും ഓരോ ബില്ലിലെയും അനുവദനീയമായ ഇനങ്ങളും അവയുടെ തുകയും കണക്കാക്കി നൽകുന്നതിനും ബില്ലുകൾ തീർപ്പാക്കുന്നതിലും അപ്രകാരം കാലതാമസം ഉണ്ടാകുന്നുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഡി.എച്ച്.എസ്-ൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; തീർപ്പാക്കിയവ എത്ര; വിശദവിവരം നൽകുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5919 അപേക്ഷകൾ ഡിഎച്ച്എസിൽ ലഭിച്ചിട്ടുണ്ട്.അവയിൽ 5129 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| ഡി) | കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക ദൗത്യസംഘത്തിന് രൂപം നൽകി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദവിവരം നൽകുമോ? | ഡി) | കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി ഫയൽ അദാലത്തുകൾ നടത്തുകയും കൂടുതൽ സെക്ഷൻ ഉൾപ്പെടുത്തി ആളെ നിയമിക്കാനും ഉളള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ